# ആലപ്പുഴയിൽ സൈലന്റ് വാലിയോളം സസ്യവൈവിധ്യമെന്ന് കണ്ടെത്തൽ

Mathrubhumi 11.01.18

**സൈലന്റ് വാലി 90 ചതുരശ്ര കിലോമീറ്റർ, പുഷ്പിക്കുന്ന 960 സസ്യങ്ങൾ**

**ആലപ്പുഴയിൽ കാട് 0.83 ചതുരശ്ര കിലോമീറ്റർ മാത്രം, പുഷ്പിക്കുന്ന 687 സസ്യങ്ങൾ**

**തൃശ്ശൂർ** ▸ വനമേഖലയില്ലാത്ത ആലപ്പുഴ ജില്ലയിൽ ദേശീയപാർക്കായ സൈലൻറ് വാലിയിലുള്ളതിനടുത്ത് സസ്യവൈവിധ്യമെന്ന് പഠനം. 90 ചതുരശ്ര കിലോമീറ്ററുള്ള സൈലൻറ് വാലിയിൽ ഇതേവരെ 960 പുഷ്പിക്കുന്ന സസ്യവകഭേദങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്. സ്വാഭാവിക വനമേഖലയില്ലാത്ത ആലപ്പുഴയിലാകട്ടെ 687 പുഷ്പിക്കുന്ന സസ്യങ്ങളെ കണ്ടെത്തി. ആലപ്പുഴ ജില്ലയിൽ കാടുകളുള്ളത് 1128 കാവുകളിലാണ്. ഇവയെല്ലാം ചേർത്തുള്ള വനമേഖലയാകട്ടെ 83 ഹെക്ടർ (0.83 ചതുരശ്രകിലോമീറ്റർ) മാത്രം. ഇത്രയും ചെറിയ ഇടത്തിലാണ് സസ്യവൈവിധ്യകലവറ.

ഹരിപ്പാട് സ്വദേശിയും കോയമ്പത്തൂരിലെ വനഗവേഷണ-സസ്യപ്രജനന കേന്ദ്രത്തിലെ സീനിയർ പ്രിൻസിപ്പൽ സയൻറിസ്റ്റുമായ ഡോ. കണ്ണൻ സി.എസ്. വാര്യരുടേതാണ് കണ്ടെത്തൽ. കേരളത്തിലെ സർപ്പക്കാവുകളെപ്പറ്റിയായിരുന്നു പഠനം. മൂന്നുവർഷം കൊണ്ടാണ് അദ്ദേഹം ഇതുസംബന്ധിച്ച ഗവേഷണം പൂർത്തിയാക്കിയത്. ഇന്ത്യൻ അസോസിയേഷൻ ഓഫ് ആൻജിയോസ്പേം ടാക്സോണമി ഈ പഠനം ഏറ്റവും മികച്ച ജൈവവൈവിധ്യപ്രബന്ധമായി തിരഞ്ഞെടുത്തു.

ആലപ്പുഴ ജില്ല മുഴുവൻ കാൽനടയായി ചുറ്റിത്തിരിഞ്ഞാണ് പഠനം നടത്തിയത്. പശ്ചിമഘട്ടമില്ലാത്ത ജില്ലയിൽ പശ്ചിമഘട്ടത്തിൽ മാത്രം കാണുന്ന 27 സസ്യങ്ങളും കണ്ടെത്തി. അവയിൽ രണ്ടെണ്ണം വംശനാശം നേരിടുന്നതാണ്. വാതംകൊല്ലി എന്ന ഇനം സസ്യം ജില്ലയിലെ മാവേലിക്കരയിലെ അഞ്ച്സെൻറിലുള്ള കാവിൽ മാത്രമാണുള്ളത്. ഈ സസ്യം നശിച്ചാൽ ജില്ലയിൽ വാതംകൊല്ലി ഇല്ലാതാകും. വംശനാശം നേരിടുന്ന മറ്റൊരു മരം വെള്ളപ്പൈൻ ആണ്.



▶ ഡോ. കണ്ണൻ സി.എസ്. വാര്യർ

ജില്ലയിലെ എല്ലാ കാവുകളിലും കരിയിലാഞ്ചി എന്ന കൊടും വിഷമുള്ള വള്ളിച്ചെടിയും കണ്ടെത്തി. ഈ വള്ളി നിലത്ത് പടർന്നാണ് കിടക്കുക. കാവിൽ കയറുന്നവരുടെ കാലിലിത് ചുറ്റും. ചുറ്റിയ ഭാഗം നീര് വന്ന് വീർക്കുകയും പിന്നീട് പഴുക്കുകയും ചെയ്ത് ആഴ്ചകളോളം കിടപ്പിലാകും. വള്ളിച്ചെടിയുടെ വിഷമാണെന്നറിയാതെ ദൈവകോപമാണെന്ന് കരുതിയാണ് പലരും കാവിനെ ഭയക്കുന്നതെന്നും പഠനത്തിൽ പറയുന്നു.

ഇന്ത്യയിലെ ഏറ്റവും മികച്ച ജൈവവൈവിധ്യ ഗവേഷണത്തിനുള്ള റോള എസ്. റാവു പുരസ്കാരവും ഈ കണ്ടെത്തലിനായിരുന്നു.

ഹരിപ്പാട്ടെ പ്രശസ്ത വാഗ്മിയും ജ്യോതിഷപണ്ഡിതനുമായ എൻ.എം.സി. വാര്യരുടെയും പരേതയായ ശ്രീദേവി വാര്യരുടെയും മകനാണ് ഡോ. കണ്ണൻ. ഭാര്യ ഡോ. രേഖാവാര്യർ.